# PRATHYASA

Biomonthly Bulletin of Reserve Bank Retired Employees Association, Kochi
(Reg.No. ER 18/09) (E-mail: salamkm@sify.com)
C/o N.R.Pillai, "Aiswarya", Kandekath Lane, Off Perumbotta Road, Kochi-682 026

**Issue No. 35** **JULY 2011** **Annual Subcription Rs. 100/-**

**അപ്പ്ഡേഷൻ:** യുണൈറ്റഡ് ഫാറം സമരപരിപാടികൾ ഊർജ്ജിതമാക്കിയ വിവരം മുൻലക്കത്തിൽ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. 07.07.2011-ന് സെൻട്രൽ ബോർഡ് ചെന്നൈയിൽ യോഗം കൂടിയപ്പോൾ പ്ലാക്കാർഡുകളേന്തി ജീവനക്കാരും പെൻഷൻകാരും ചേർന്ന് വൻ ജനാവലി നിശബ്ദധർണ്ണ നടത്തി. ഗവർണ്ണർ ഫാറം ഭാരവാഹികളെ കാണാൻ ആഗ്രഹം പ്രകടിപ്പിക്കുകയും സംഭാഷണ വേളയിൽ പ്രശ്ന പരിഹാരത്തിന് ധനമന്ത്രിയുമായി സംസാരിക്കുമെന്നും ഒരുമാസത്തിനകം എല്ലാം ശരിയാകുമെന്നും പറഞ്ഞു. Statutorisation of staff regulations സെൻട്രൽ ബോർഡ് ചർച്ച ചെയ്തെന്നും തീരുമാനം മാറ്റിവെച്ചതായും അറിയുന്നു. ഈ സംഭവവികാസത്തിന്റെ വെളിച്ചത്തിൽ യുണൈറ്റഡ് ഫാറം സമരപരിപാടികൾ തൽക്കാലത്തേക്ക് മാറ്റിവച്ചിരിക്കുകയാണ്. പ്രശ്നപരിഹാരത്തിന് ഗവർണ്ണർ കാര്യമായി ശ്രമിക്കുന്നുണ്ടെന്നാണ് കേൾക്കുന്നത്. ആഗസ്റ്റ് 2-ാം വാരം യുണൈറ്റഡ് ഫാറത്തിന് ഗവർണ്ണർ ഒരു മറുപടി കൊടുക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**D.R. വർദ്ധന** : ആഗസ്റ്റ് മുതൽ ജനുവരി 2012 വരെയുള്ള 6 മാസത്തേക്ക് 26 സ്ലാബിന്റെ D.R. വർദ്ധന ഉണ്ടായിരിക്കും. പുതിയ D.R. നിരക്കുകൾ ഇപ്രകാരം

| | |
|---|---|
| Updated pension effective from | 01.11.97 = 155.28% വർദ്ധന 6.24% |
| Pay Scales effective | 01.11.02 = 89.28% വർദ്ധന 4.68% |
| Pay Scales effective | 01.11.07 = 53.85% വർദ്ധന 3.90% |
| On ex-gratia | = 615.06% വർദ്ധന 17.42% |

**D.R/D.A.നിരക്കുകളിലെ അസമത്വം: (Pre 01.02.05)** : ഈ വിഷയത്തിൽ ഭരണഘടനയിലെ 14,16,21 എന്നീ വകുപ്പുകളുടെ ലംഘനം ചൂണ്ടിക്കാട്ടി 15.07.11-ന് അഡ്വ.ശ്രീ. എം.പി.എം.അസ്ലാം സി.ജി.എം-ന് വക്കീൽ നോട്ടീസ് അയച്ചിട്ടുണ്ട്. ഒരുമാസത്തിനകം അനുകൂല നടപടി ഉണ്ടായില്ലെങ്കിൽ കേസ് ഫയൽചെയ്യാൻ 29.06.11 ലെ പൊതുയോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്. 2001- ൽ Prospective ആയി 11.25% Weightage നൽകി അപ്പ്ഡേഷനും Pre 1997 കാർക്ക് ജീവനക്കാരുടെ നിരക്കിൽ തന്നെ D.R. നൽകുവാനും തീരുമാനിച്ച് പാസ്സാക്കിയ LIC സെൻട്രൽ ബോർഡ് പ്രമേയത്തിന് സർക്കാർ 10 വർഷമായി അംഗീകാരം നൽകിയിട്ടില്ല. ഇതിനെതിരെ LIC പെൻഷൻകാർ ഫയൽ ചെയ്ത ഹർജി രാജസ്ഥാൻ ഹൈക്കോടതി ഡിവിഷൻബഞ്ച് അനുവദിച്ചതിനെതിരെ LIC review petition ഫയൽ ചെയ്യുകയും അതേസമയം സുപ്രീംകോടതിയിൽ SLP ഫയൽചെയ്യുകയും ചെയ്തു. എന്നാൽ സുപ്രീംകോടതി ഇതു ഫയലിൽ സ്വീകരിക്കാതെ രാജസ്ഥാൻ ഹൈക്കോടതി review petition 3 മാസത്തിനകം തീർപ്പാക്കണമെന്ന് മാത്രം ഉത്തരവായി. സ്വന്തം ബോർഡ് പ്രമേയത്തിനെതിരെ സർക്കാർ പ്രേരണയാൽ LIC തന്നെ കോടതി കയറുന്ന വിരോധാഭാസമാണ് നാം ഇപ്പോൾ കാണുന്നത്. ഇതേപ്പറ്റി കോടതി വാക്കാൽ ശകാരിക്കയും ചെയ്തു. നമ്മുടെ ആവശ്യങ്ങളുമായി ബന്ധപ്പെട്ടുകിടക്കുന്നതിനാൽ ഈ കേസിന്റെ പുരോഗതി നിരീക്ഷിച്ചുവരികയാണ്.

**ഗ്രാറ്റുവിറ്റി വർദ്ധന കുടിശ്ശികയ്ക്കുവേണ്ടി വക്കീൽ നോട്ടീസ്:** 01.11.92-നും 31.03.1995 നും മദ്ധ്യേ വിരമിച്ചവർക്ക് കിട്ടേണ്ട ഗ്രാറ്റുവിറ്റി വർദ്ധനയ്ക്കുവേണ്ടി മുബൈയിലെ ശ്രീ. A.P. Kale, Vice President RBREA മുംബൈ, ശ്രീ. A.G. Karmik Committee member എന്നിവർ ചേർന്ന് ബാങ്കിന് വക്കീൽ നോട്ടീസ് അയച്ചതായി 15.07.11 - ലെ 'ഹിത്ഗുജ്' റിപ്പോർട്ട് ചെയ്യുന്നു.

**സംഘടനാ വാർത്തകൾ** : ജൂൺ 29 ലെ പൊതുയോഗത്തിനശേഷം പുതിയ കമ്മിറ്റി ജൂലൈ 5-ന് യോഗം ചേർന്നു. ലിസ്സി സംവിധാനം തുടരുക, KIMS ആശുപത്രിയെ Net work ലിസ്റ്റിൽ ഉൾപ്പെടുത്തുക, അംഗസംഖ്യ വർദ്ധിപ്പിക്കുക എന്നിവയ്ക്കുവേണ്ടി നടപടികൾ എടുക്കുന്നുണ്ട്. കുടുംബസംഗമം (On contribution basis) താമസിയാതെ സംഘടിപ്പിക്കും. ആജീവനാന്ത അംഗത്വത്തിനുള്ള ആഹ്വാനത്തെ തുടർന്ന് കൂടുതൽ പേർ Life members ആകുന്നുണ്ട്. കൊച്ചി ജീവനക്കാർ നടത്തിയ രണ്ട് പ്രകടനങ്ങളിൽ നമ്മുടെ കമ്മിറ്റി അംഗങ്ങളും പങ്കുകൊണ്ടു.

**MAF:** 40 വർഷമായി നിലവിലുള്ള ലിസ്സി ആശുപത്രി സൗകര്യം ബാങ്കിൽതന്നെ B.M.O. നിയമിതനാവുകയും ഡിസ്പെൻസറി ആരംഭിക്കയും ചെയ്യുന്നതോടെ നമുക്ക് നഷ്ടമാകും. പൊതുയോഗ തീരുമാനപ്രകാരം ലിസ്സി സംവിധാനം തുടർന്നുകൊണ്ടുപോകാൻ കൊച്ചി G.M. നും HRDD CGM നും 13.07.11 - ന് സെക്രട്ടറി കത്തയച്ചിട്ടുണ്ട്. ജീനക്കാരുടെ കാര്യത്തിൽ ബാങ്കിന്റെ തീരുമാനത്തിൽ ഉറച്ചുനിന്നാലും പെൻഷൻകാരുടെ കാര്യത്തിൽ നിലവിലുള്ള സംവിധാനം തുടർന്നുകൊണ്ടുപോകണമെന്ന് കത്തിൽ അപേക്ഷിച്ചിട്ടുണ്ട്.

**ചരമ വാർത്തകൾ:** കൊച്ചി ആഫീസിൽ വളരെക്കാലം സേവനം അനുഷ്ഠിച്ച പരേതനായ ശ്രീ.രാഘവൻ നമ്പ്യാരുടെ സഹധർമ്മിണി ശ്രീമതി. പി.മീനാക്ഷി (74) 16.07.11- ന് പാലാരിവട്ടത്തും, കൊച്ചി ആഫീസിൽ നിന്നുതന്നെ വിരമിച്ച ശ്രീ.കെ.കെ. ഉണ്ണികൃഷ്ണൻ (60) 22.07.11- ന് SRM റോഡിലുള്ള സ്വവസതിയിലും നിര്യാതനായ വിവരം വ്യസനസമേതം അറിയിക്കുന്നു. സംഘടനാ ഭാരവാഹികൾ പരേതരുടെ വസതികളിലെത്തി പുഷ്പചക്രം അർപ്പിക്കുകയും കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും ചെയ്തു.

**മറ്റുവാർത്തകൾ** : 03.05.11 മുതൽ S.B. അക്കൗണ്ടിലുള്ള ബാങ്ക് ബാലൻസിന് 4% പലിശ ലഭിക്കുന്നതാണ്. മുമ്പ് ഇത് 3 ½% ആയിരുന്നുവല്ലോ. New Pension Scheme (NPS) കേന്ദ്രസർക്കാരും 3 സംസ്ഥാനങ്ങൾ ഒഴികെ ബാക്കി എല്ലാ സർക്കാരുകളും 2004 മുതൽ പ്രാബല്യത്തിൽ വരുത്തിയിരിക്കയാണല്ലോ. 2010 മുതൽ വാണിജ്യ ബാങ്കുകളിലും ഇതു നടപ്പാക്കി. RBI യിൽ നടപ്പാക്കാനുള്ള തീരുമാനം തത്വത്തിൽ എടുത്തുകഴിഞ്ഞു. ആവശ്യപ്പെട്ടതിലും 1000 കോടി രൂപ അധികം കൊടുത്ത് ആസൂത്രണ കമ്മീഷൻ കേരള സർക്കാരിനെ കൊണ്ടും പുതിയ പെൻഷൻ പദ്ധതി നടപ്പാക്കുവാനാണിപ്പോൾ ശ്രമിക്കുന്നത്. പദ്ധതി പൂർണ്ണമായും നടപ്പാക്കണമെങ്കിൽ PFRDA ബിൽ പാസ്സാക്കേണ്ടതുണ്ട്. പാർലമെന്റിൽ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിനെതിരെ കേന്ദ്ര സർക്കാർ ജീവനക്കാർ ആഗസ്റ്റ് മാസത്തിൽ ഒരു പാലർലമെന്റ് മാർച്ച് നടത്താൻ തീരുമാനിച്ചിട്ടുണ്ട്. നിശ്ചിത തുക പ്രതിമാസം പെൻഷനായി നൽകുമെന്ന് ഉറപ്പ് നൽകാത്തതിനാലും സംഭരിക്കന്ന ഫണ്ട് ഓഹരി വിപണിയിൽ നിക്ഷേപിച്ചുകിട്ടുന്ന ലാഭത്തിന്റെ വിഹിതം പെൻഷനായി നൽകപ്പെടും. എന്നതിനാലും സാമൂഹിക സുരക്ഷിതത്വം ബലികഴിക്കപ്പെടുന്നു എന്നതിനാൽ ഈ പദ്ധതി ജനവിരുദ്ധമാണ്. അമേരിക്കയിലേപ്പോലെ ഒരു സാമ്പത്തിക തകർച്ച ഉണ്ടായാൽ പെൻഷൻകാർ പട്ടിണിയിലായതുതന്നെ. വിവിധ ആവശ്യങ്ങളുന്നയിച്ച് വാണിജ്യബാങ്ക് ജീവനക്കാരും ഓഫീസർമാരും ആഗസ്റ്റ് 5 ന് അഖിലേന്ത്യാ തലത്തിൽ പണിമുടക്കുന്നുണ്ട്.

**EDITED BY**: M.O. Sebastian, Secretary, Ph: 0484- 2541930, 9895178211
D.R. FIGURES, വിവരങ്ങൾക്ക് കടപ്പാട് : Shri.K.G.K.Pillai